# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1748

05.12.2014 - ൽ
മറുപടിക്ക്

## പടന്നക്കാട് കാർഷിക കോളേജിലെ അധ്യാപക ഒഴിവുകൾ

**ചോദ്യം**

ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

**മറുപടി**

**ശ്രീ.കെ.പി.മോഹനൻ**

(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും
സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

പടന്നക്കാട് കാർഷിക കോളേജിലെ അധ്യാപകക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ എത്ര അധ്യാപകരുടെ ഒഴിവുകൾ ഉണ്ടെന്നും, ആകെ തസ്തിക എത്രയെന്നും വ്യക്തമാക്കാമോ ?

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള പടന്നക്കാട് കാർഷിക കോളേജിൽ നിലവിൽ 63 അദ്ധ്യാപക തസ്തികകൾ ഉണ്ട്. ഇതിൽ 31 അദ്ധ്യാപക തസ്തികകൾ കോളേജ് ആരംഭിച്ചകാലത്ത് കാർഷിക സർവ്വകലാശാലയുടെ വിവിധ സ്ഥാപനങ്ങളിൽ നിന്നും പടന്നക്കാട് കോളേജിലേക്ക് മാറ്റപ്പെട്ടവയാണ്. ഈ കോളേജിനു വേണ്ടി സർക്കാർ 32 അദ്ധ്യാപക തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത്. ഇപ്പോൾ അവിടെ 25 സ്ഥിര അദ്ധ്യാപകർ ജോലി ചെയ്യുന്നു. അതിനു പുറമെ 10 ടീച്ചിംഗ് അസിസ്റ്റന്റുമാരെ കരാറടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് നിയമിച്ചിട്ടുണ്ട്. കാർഷിക സർവ്വകലാശാലയുടെ വിവിധ കോളേജുകളിലും സ്റ്റേഷനുകളിലുമുള്ള അദ്ധ്യാപക ക്ഷാമം പരിഹരിക്കുന്നതിന് 2010 യു.ജി.സി. റെഗുലേഷന്റെ അടിസ്ഥാനത്തിലുള്ള സ്റ്റാറ്റ്യൂട്ട് ഭേദഗതി നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. സ്റ്റാറ്റ്യൂട്ടിന്റെ അംഗീകാരം ലഭിച്ചാലുടനെ ഒഴിവുകൾ നികത്താവുന്നതാണ്.

പടന്നക്കാട് കാർഷിക കോളേജിൽ നിലവിലുള്ള തസ്തികകൾ, ഒഴിവുകൾ എന്നിവയുടെ വിശദാംശങ്ങളടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.

Shaijma

സെക്ഷൻ ഓഫീസർ

**അനുബന്ധം**

*STAFF STRENGTH AT COA, PADANNAKKAD*

| Sl No. | Discipline | Present sanctioned strength | vacancy in total |
|---|---|---|---|
| 1 | Asso Dean | 1 | 1 |
| 2 | Academic i/c | 1 | 1 |
| 3 | Ag Engg | 2 | 1 |
| 4 | Agrl. Economics | 4 | 2 |
| 5 | Agrl. Extension | 5 | 4 |
| 6 | Agrl.Entomology | 6 | 4 |
| 7 | Agrl.Statistics | 2 | 2 |
| 8 | Agro Meteorology | 1 | 0 |
| 9 | Agronomy | 9 | 6 |
| 10 | Animal Husbandry | 1 | 1 |
| 11 | Biotechnology | 2 | 1 |
| 12 | Computer Applications/Science | 2 | 2 |
| 13 | Entomology / Nematology | 1 | 0 |
| 14 | Home Science | 2 | 1 |
| 15 | Horticulture | 6 | 2 |
| 16 | Microbiology/Plant Pathology | 1 | 1 |
| 17 | Physical Education | 1 | 1 |
| 18 | Plant Breeding & Genetics | 7 | 4 |
| 19 | Plant Pathology | 3 | 1 |
| 20 | Plant Physiology | 2 | 1 |
| 21 | Soil Science & Agrl.Chemistry | 4 | 2 |
| | **TOTAL** | **63** | **38** |

Ten Teaching Assistants are also engaged for a period of one year on contract basis.

Sreeja

**സെക്ഷൻ ഓഫീസർ**